# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2849** 18.08.2017-ന് മറുപടിയ്ക്ക്

## ദേശീയപാത-റെയിൽവേ വികസനത്തിനായി സ്ഥലമേറ്റെടുപ്പ്

**ചോദ്യം**

**ശ്രീ. ടി.എ.അഹമ്മദ് കബീർ**

**ഉത്തരം**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| (എ) ദേശീയപാത-റെയിൽവേ വികസന പദ്ധതികൾക്കായി സ്ഥലമേറ്റെടുപ്പ് വേഗത്തിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; | (എ) ദേശീയപാതയ്ക്കുവേണ്ടി സ്ഥലമെടുപ്പ് നടപടികൾ വേഗത്തിലാക്കുന്നതിന് സംസ്ഥാനത്ത് 12 സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിൽ പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, വയനാട് ജില്ലകളൊഴികെയുള്ള ജില്ലകളിലായി 37 എൽ.എ യൂണിറ്റുകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. അതുപോലെ റെയിൽവെക്കുവേണ്ടി പൊന്നുംവില നടപടികൾ സ്വീകരിക്കുന്നതിനായി കായംകുളം, കൊല്ലം, പാലാ, കോട്ടയം എന്നിവിടങ്ങളിലായി 4 എൽ.എ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ശബരി റയിൽപ്പാതക്കുവേണ്ടി സ്ഥലമെടുക്കുന്നതിന് പുതിയ 2 യൂണിറ്റുകൾ കൂടി ആരംഭിച്ചിട്ടുണ്ട്. |
| (ബി) ജില്ലകളിൽ ഇത്തരം പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദീകരിക്കാമോ ; | (ബി) ഉണ്ട്. നാഷണൽ ഹൈവേ 45 മീറ്റർ വീതിയിൽ പൊന്നുംവില നടപടികൾ തുടരുന്നതിന് 25/10/2014-ലെ ജി.ഒ(എം.എസ്) നം.94/2014/പി.ഡബ്ല്യൂ.ഡി പ്രകാരം ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റയിൽവേപ്പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട ഭൂമി കൈമാറുന്ന പുരോഗതി ജില്ലാ കളക്ടർമാർ നിരന്തരമായി വില ഇരുത്തുന്നതും അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) മലപ്പുറം ജില്ലയിലെ മങ്കട നിയോജകമണ്ഡലത്തിൽ ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ? | (സി) മലപ്പുറം ജില്ലയിലെ മങ്കട നിയോജകമണ്ഡലത്തിൽ ദേശീയപാതയുടെയും റയിൽവെയുടെയും വികസനത്തിനായി നാളിതുവരെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ